**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1253** **14-03-2022 - ൽ മറുപടിയ്ക്ക്**

**ബീച്ച് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഒഴുകുന്ന എട്ട് നദികളെ കോർത്തിണക്കി ആവിഷ്കരിച്ച റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ നിലവിലെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നു വിശദമാക്കാമോ; | (എ) | കണ്ണൂർ കാസറഗോഡ് ജില്ലകളിലായി ഒഴുകുന്ന എട്ട് നദികളെ കോർത്തിണക്കി ആവിഷ്കരിച്ച മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 14 ബോട്ട് ടെർമിനൽ/ ജെട്ടി പദ്ധതികൾക്കായി ആകെ 40.82കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്. 1.പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു 2.പറശ്ശനിക്കടവ് ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു 3.ധർമ്മടം ബോട്ട് ടെർമിനൽ - 88%പ്രവൃത്തി പൂർത്തീകരിച്ചു 4.ചേരിക്കൽ ബോട്ട് ടെർമിനൽ - 95%പ്രവൃത്തി പൂർത്തീകരിച്ചു 5.പാറപ്രം ബോട്ട് ടെർമിനൽ - 91%പ്രവൃത്തി പൂർത്തീകരിച്ചു 6.മമ്പറം ബോട്ട് ജെട്ടി - 70% പ്രവൃത്തി പൂർത്തീകരിച്ചു 7.പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു. 8.മോന്താൽ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു 9.കരിയാട് ബോട്ട് ടെർമിനൽ - 77%പ്രവൃത്തി പൂർത്തീകരിച്ചു 10.ന്യൂ മാഹി ബോട്ട് ടെർമിനൽ -പ്രവൃത്തി പൂർത്തീകരിച്ചു 11.പാത്തിക്കൽ ബോട്ട് ജെട്ടി - 85%  പ്രവൃത്തി പൂർത്തീകരിച്ചു 12.കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 90%  പ്രവൃത്തി പൂർത്തീകരിച്ചു 13.പുന്നക്കടവ്  ബോട്ട് ജെട്ടി - 94%  പ്രവൃത്തി പൂർത്തീകരിച്ചു 14.കവ്വായി കാലിക്കടപ്പുറം ബോട്ട് ടെർമിനൽ - 97%  പ്രവൃത്തി പൂർത്തീകരിച്ചു   ഈ പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ 3 ബോട്ട് ജെട്ടികൾക്കായി 12.26 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇവയുടെ പുരോഗതി താഴെ പറയുന്നു. 1. മാവിലാക്കടപ്പുറം ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു. 2. മാടക്കൽ ബോട്ട് ജെട്ടി – 95% പ്രവൃത്തി പൂർത്തീകരിച്ചു. 3. |

കോട്ടപ്പുറം ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു. സംസ്ഥാന പദ്ധതികൾക്ക് പുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ്ദർശൻ സ്കീമിൽ പെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 30 ജെട്ടി/ ടെർമിനലുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ ബോട്ട്ജെട്ടികളുടെ നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾ KEL നെയുമാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. KEL നെ ചുമതലപ്പെടുത്തിയ പദ്ധതി പ്രവൃത്തികളിൽ മലപ്പട്ടം മുനമ്പുകടവ് പ്രദേശത്ത് വാക്ക് വേ, ഫുഡ് കോർട്ട്, ടോയലറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. KEL നെ ചുമതലപ്പെടുത്തിയ മറ്റ് പ്രവർത്തികൾ CRZ അനുമതിക്ക് വിധേയമായി ചെയ്യേണ്ടുന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. CRZ അനുമതി ആവശ്യമില്ലാത്ത ഘടകങ്ങൾ ആരംഭിക്കാൻ KEL ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ (KSINC) ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചരക്കണ്ടി പുഴയിലൂടെയുള്ള പഴശ്ശി രാജ & സ്പൈസസ് ക്രൂയിസ് റൂട്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയ ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്. 1.മൈനർ ബോട്ട് ടെർമിനൽ മടക്കര - 50% പ്രവൃത്തി പൂർത്തീകരിച്ചു 2.അഴീക്കൽ ഫെറിബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല 3.അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി -72% പ്രവൃത്തി പൂർത്തീകരിച്ചു 4.പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - 3%പ്രവൃത്തി പൂർത്തീകരിച്ചു 5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - 3% പ്രവൃത്തി പൂർത്തീകരിച്ചു 6.മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 75% പ്രവൃത്തി പൂർത്തീകരിച്ചു 7.മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 75% പ്രവൃത്തി പൂർത്തീകരിച്ചു 8.പട്ടുവം മേജർ ബോട്ട് ടെർമിനൽ - 92% പ്രവൃത്തി പൂർത്തീകരിച്ചു 9.കുപ്പം മേജർ ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു 10.നാറാത്ത് ബോട്ട് ജെട്ടി

| | | | |
|---|---|---|---|
| | | | - 50% പ്രവൃത്തി പൂർത്തീകരിച്ചു 11.വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 76% പ്രവൃത്തി പൂർത്തീകരിച്ചു 12.മുതുകട ബോട്ട് ജെട്ടി 78% പ്രവൃത്തി പൂർത്തീകരിച്ചു 13.പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 65% പ്രവൃത്തി പൂർത്തീകരിച്ചു 14.തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 80% പ്രവൃത്തി പൂർത്തീകരിച്ചു 15.പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 78% പ്രവൃത്തി പൂർത്തീകരിച്ചു 16.കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി -പ്രവൃത്തി ആരംഭിച്ചിട്ടില്ല 17.താവം ബോട്ട് ജെട്ടി - 85% പ്രവൃത്തി പൂർത്തീകരിച്ചു 18.മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 65% പ്രവൃത്തി പൂർത്തീകരിച്ചു 19.മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 75% പ്രവൃത്തി പൂർത്തീകരിച്ചു 20.മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 75% പ്രവൃത്തി പൂർത്തീകരിച്ചു 21.മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 82% പ്രവൃത്തി പൂർത്തീകരിച്ചു 22.മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - 45% പ്രവൃത്തി പൂർത്തീകരിച്ചു 23.എ കെ ജി ഐലന്റ് ബോട്ട് ജെട്ടി (2 Nos), സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos), കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos), ഭഗത് സിങ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇൻലാൻഡ് നാവിഗേഷൻ സ്വീകരിച്ചുവരികയാണ്. |
| (ബി) | മുഴപ്പിലങ്ങാട്, ധർമ്മടം ബീച്ചുകളെ ലോകോത്തര നിലവാരത്തിൽ വികസിപ്പിക്കുന്ന ബീച്ച് ടൂറിസം പദ്ധതിയുടെ നിലവിലെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | ക്യാരക്ചർ ഏരിയ 1ന്റെ നിർമ്മാണത്തി നാവശ്യമായ പ്രാരംഭ നടപടികൾ പൂർത്തിയാക്കി KIIFB യുടെ അന്തിമ ഫിനാൻഷ്യൽ അംഗീകാര ത്തിന് SPV ആയ KIIDC സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭിച്ചാലുടൻ KIIDC ക്യാരക്ചർ ഏരിയ 1 ന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (സി) | മുസരീസ് പൈതൃക പദ്ധതിയുടെ മാതൃകയിൽ തലശ്ശേരിയിലും ആലപ്പുഴയിലും ആവിഷ്കരിച്ച രണ്ട് പൈതൃക സംരക്ഷണ പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടോ; നിലവിൽ ഈ പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; ഈ പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | കണ്ണൂർ ജില്ലയിൽ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 4 പദ്ധതികൾക്ക് അംഗീകാരം (2017 മാർച്ച് മാസത്തിൽ) ലഭിക്കുകയും, പദ്ധതി നിർവ്വഹണത്തിന് പ്രവർത്തി ULCCS നെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും, താഴെപറയുന്ന 3 പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 1. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആൻഡ് ഡവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി 2. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ചർ പാർക്ക് 3. കൺസർവേഷൻ റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലോ ആസ് ലാങ്ഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ കൺസർവേഷൻ& റീയൂസ് ഓഫ് ഓൾഡ് മൊയ്തു |

പാലം ബ്രിഡ്ജ് ആസ് പബ്ലിക്ക് ഗാർഡൻ & ഗേറ്റ് വേ ടു മുഴപ്പിലങ്ങാട് – എന്ന പദ്ധതിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി റിപ്പോർട്ട് ലഭിക്കാത്തതു കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല തലശ്ശേരി പൈതൃക ടൂറിസം രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 9 പദ്ധതികൾക്ക് കൂടി (2019 സെപ്റ്റംബറിന് ശേഷം) അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്. 1. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് – സ്ട്രീറ്റ് ഡവലപ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ- പ്രവൃത്തി പൂർത്തീകരിച്ചു 2. താഴെ അങ്ങാടി സ്ട്രീറ്റ് ഡവലപ്മെന്റ് - പ്രവൃത്തി പൂർത്തീകരിച്ചു 3. ഗുണ്ടർട്ട് ബംഗ്ലോ -ഡവലപ്മെന്റ് ഓഫ് മ്യൂസിയം കമ്പോണന്റ്സ് - പ്രവൃത്തി പൂർത്തീകരിച്ചു 4. കൊട്ടിയൂർ ടെമ്പിൾ - ടൂറിസം സ്പീരിയൻസ് സ്ട്രീറ്റ് - 85% പ്രവൃത്തി പൂർത്തീകരിച്ചു. 2022 March 31 നകം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട് 5. തൊടീക്കളം ടെമ്പിൾ - ഡവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് - 70% പ്രവൃത്തി പൂർത്തീകരിച്ചു. 2022 May 31 നകം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട് 6. മൃദംഗ ശൈലേശ്വരി ടെമ്പിൾ- ഡവലപ്മെന്റ് ഓഫ് പഴശ്ശി മ്യൂസിയം & ഗ്യാലറി - 80% പ്രവൃത്തി പൂർത്തീകരിച്ചു. 2022 March 31 നകം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട് 7. ഡവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക് - 30% പ്രവൃത്തി പൂർത്തീകരിച്ചു. 2022 July 31 നകം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട് 8. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോമ്സ് - പ്രവൃത്തി ആരംഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശമനുസരിച്ച് ആദ്യ ഭരണാനുമതിക്കുള്ളിൽ നിന്ന് കൊണ്ടുള്ള റിവൈസ്ഡ് ഡിപിആർ തയ്യാറാക്കി വരുന്നു. 9. തലശ്ശേരി പൈതൃക പദ്ധതി - വേ ഫൈൻഡിങ് സൈനേജസ് - പ്രവൃത്തി ആരംഭിച്ചിട്ടില്ല. സൈനേജസ് മാതൃകകൾ KEL തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ താഴെ പറയുന്ന രണ്ട് പ്രവർത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗതി താഴെപറയും പ്രകാരമാണ്. 1. വള്ളിയൂർക്കാവ് മാർക്കറ്റ് & എക്സിബിഷൻ സ്പെയ്സ് – 85% പ്രവൃത്തി പൂർത്തീകരിച്ചു. 2. പഴശ്ശി സ്മൃതി

മണ്ഡപം മ്യൂസിയം & ഗേറ്റ് വേ- മാവിലാംതോട് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ FIT നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തത് കാരണം ഈ ഏജൻസിയെ മാറ്റി പകരം KEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DSR 2016 പ്രകാരം തയ്യാറാക്കിയ ഈ പദ്ധതിയ്ക്ക് നിലവിലെ DSR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന് KEL ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു പ്രകാരം പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു തലശ്ശേരി ഹെറിറ്റേജ് പദ്ധതിയ്ക്കായി GO (RT) No. 353/2019/TSM dtd. 24.10.2019 ഉത്തരവ് പ്രകാരം 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 78.162 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയുടെ SPV യായി KIIDC യെയാണ് തെരെഞ്ഞെടുത്തത്. ഇതിന്റെ ആർക്കിടെക്ട് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s. Space Art ആണ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ORDER NO : TSM005-01/APR-3/2020/KIIFB Dated : 09-08-2020 ഉത്തരവ് പ്രകാരം 40.95 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉൾപ്പെടുത്തീരിക്കുന്നത്. ഇതിൽ 6 പ്രവർത്തികൾ എഗ്രിമെൻറ് ചെയ്യുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. ഒരു ഘടകം എഗ്രിമെൻറ് ചെയ്തിട്ടും പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. 4 ഘടകങ്ങളുടെ സെലക്ഷൻ നോട്ടീസ് നൽകി. ഒരു ഘടകം റീ ടെണ്ടർ ചെയ്തു. 2 ഘടകങ്ങൾക്ക് അധിക തുക അനുമതി നൽകേണ്ടതുണ്ട്. എഗ്രിമെൻറ് ചെയ്യുകയും പ്രവൃത്തികൾ ആരംഭിച്ചതുമായ പ്രവർത്തികൾ പിൻഡാലി കളരി ഹൗസ് ആണ്ടല്ലൂർ കാവ് കൊട്ടിയൂർ ശിവ ക്ഷേത്രം – സ്ട്രീറ്റ് സ്കേപ്പ് ലോകനാർക്കാവ് ക്ഷേത്രം ഇല്ലിക്കുന്ന് ചർച്ച് ജഗന്നാഥ ക്ഷേത്രം എഗ്രിമെൻറ് ചെയ്ത പ്രവൃത്തികളിൽ ആരംഭിക്കാത്തവ കൊട്ടിയൂർ ശിവ ക്ഷേത്രം – ടൂറിസ്റ്റ് അമിനിറ്റി സെൻറർ മക്റേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം സെലക്ഷൻ നോട്ടീസ് നൽകിയ പ്രവർത്തികൾ പഴശ്ശി പാലസ് (കോട്ടയം മലബാർ) തൃശില്ലേരി മഹാദേവ ക്ഷേത്രം തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം തിരുനെല്ലി മഹാ വിഷ്ണു ക്ഷേത്രം റീ ടെണ്ടർ ചെയ്ത പ്രവർത്തികൾ ഓടത്തിൽ മോസ്ക് & പാരീസ് ഹോട്ടൽ സ്ട്രീറ്റ് അധിക തുക അനുവദിക്കേണ്ട പ്രവർത്തികൾ മുൻസിപ്പൽ സ്റ്റേഡിയം (THP ഓഫീസ്) കക്കുളങ്ങര മോസ്ക് ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി order No.

| | | | |
|---|---|---|---|
| | | | TSM005/APR-3/2020/KIIFB dated 1-12-2020 ഉത്തരവ് പ്രകാരം 37.212 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉള്ളത്. ഇതിൽ ഒരു ഘടകത്തിന്റെ എഗ്രിമെന്റ് ചെയ്തു പ്രവർത്തി ആരംഭിച്ചു. ഒരു ഘടകം എഗ്രിമെന്റ് ചെയ്തിട്ടും പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. 6 ഘടകങ്ങളുടെ സെലക്ഷൻ നോട്ടീസ് നൽകി. 4 ഘടകത്തിന്റെ റീ ടെണ്ടർ ചെയ്യേണ്ടതുണ്ട്. 2 പ്രവർത്തികൾക്ക് അവകാശികളിൽ നിന്നും സമ്മതപത്രം ലഭിക്കേണ്ടതുണ്ട്. എഗ്രിമെൻറ് ചെയ്ത് പ്രവൃത്തി ആരംഭിച്ചവ പുരളിമല ക്ഷേത്രം (മാളൂർ പുരളിമല ചിത്രപീഠം മുത്തപ്പൻ മഠപ്പുര) എഗ്രിമെൻറ് ചെയ്ത പ്രവൃത്തികളിൽ ആരംഭിക്കാത്തവ പഴശ്ശിരാജ സ്മൃതി മണ്ഡപം സെലക്ഷൻ നോട്ടീസ് നൽകിയ പ്രവർത്തികൾ ശ്രീ തച്ചോളിമാണിക്കോത്ത് ക്ഷേത്രം വടകര താഴെ അങ്ങാടി ശ്രീ പെരളശ്ശേരി ക്ഷേത്രം ശ്രീ ചിറയ്ക്കാവ് ഭഗവതി ക്ഷേത്രം തലയ്ക്കൽ ചന്തു മ്യൂസിയം - പനമരം വള്ളിയൂർക്കാവ് സ്ട്രീറ്റ്സ്കേപ് റീ ടെണ്ടർ ചെയ്യേണ്ടവ കദിരൂർ സൂര്യനാരായണ ക്ഷേത്രം ശ്രീ മൃദംഗ ശൈലേശ്വരി ക്ഷേത്രം തൂടിക്കലം ശിവ ക്ഷേത്രം ശ്രീ ഊർപഴശ്ശിക്കാവ് ക്ഷേത്രം ഡ്രോയിംഗ് റിവിഷൻ ആവശ്യമായ പ്രവർത്തികൾ വള്ളിയൂർക്കാവ് കൺവെൻഷൻ സെന്റർ അവകാശികളിൽ നിന്നും സമ്മതപത്രം ലഭിക്കേണ്ട പ്രവർത്തികൾ പഴശ്ശി കോവിലകം (മട്ടന്നൂർ) – (NOC ലഭ്യമാകണം) അറയ്ക്കൽക്കെട്ട് - (NOC ലഭ്യമാകണം) മുസിരീസ് പൈതൃക പദ്ധതിയുടെ കീഴിൽ ആലപ്പുഴയിൽ ആരംഭിച്ച പൈതൃക സംരക്ഷണ പദ്ധതിയാണ് ആലപ്പുഴ പൈതൃക പദ്ധതി. ആലപ്പുഴയുടെ പഴയകാല പ്രൗഢി വീണ്ടെടുക്കുന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. മക്കാം മസ്ജിദ്, സൗക്കാർ മസ്ജിദ്, ലിയോ സ്കൂൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടം 2023 മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കും. ഈ ഘട്ടത്തിൽ കയർ ലിവിങ്/ലേബർ മ്യൂസിയം, യാൺ മ്യൂസിയം, കയർ ഹിസ്റ്ററി മ്യൂസിയം, ഗാന്ധി മ്യൂസിയം, പോർട്ട് മ്യൂസിയം എന്നീ 5 മ്യൂസിയങ്ങൾ പൊതുജനങ്ങൾക്കായി തുറന്ന് നൽകും. കനാലുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടവും ഈ കാലയളവിൽ പൂർത്തീകരിക്കും. കൂടാതെ മറ്റ് പദ്ധതികളായ കടൽപ്പാല നിർമ്മാണം, വിവിധ മ്യൂസിയങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തികൾ എന്നിവ 2024 അവസാനത്തോടെ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ